പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.123

04/12/2018 -ൽ മറുപടിക്ക്

## ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ രൂപീകരിക്കാനുള്ള നീക്കം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം.സ്വരാജ്<br>,, പി.ടി.എ.റഹീം<br>,, വി.ജോയി<br>,, കെ.ഡി.പ്രസേനൻ | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉയർത്തുന്നതിനും സർവകലാശാലകൾക്ക് ധനസഹായം നൽകുന്നതിനും നിലവിലുള്ള സ്വയംഭരണ സ്വഭാവമുണ്ടായിരുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെ ഇല്ലാതാക്കി പകരം കേന്ദ്ര സർക്കാർ നേരിട്ട് നിയന്ത്രിക്കുന്ന ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ രൂപീകരിക്കാനുള്ള നീക്കം, മറ്റു രംഗങ്ങളിലെന്നപോലെ വിദ്യാഭ്യാസ രംഗത്തും വിവേചന പൂർണ്ണമായ ഇടപെടലിന് വഴിവെക്കുമെന്നതിനാൽ തീരുമാനത്തിൽ നിന്നും പിന്തിരിയാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ ; | (എ) | ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ജെ.എൻ.യു, ഹൈദരാബാദ് കേന്ദ്ര സർവകലാശാല തുടങ്ങിയ ഉൽകൃഷ്ട സ്ഥാപനങ്ങളെയും സംസ്ഥാനത്തെ കേന്ദ്ര സർവകലാശാലയേയും സംഘപ്രചാരകരെ തലപ്പത്തു നിയമിച്ച് തകർക്കാൻ ശ്രമിക്കുന്നതായി ആക്ഷേപമുയരുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന് സർവകലാശാലകളുടെ മേൽ നേരിട്ടുള്ള നിയന്ത്രണം ലഭിക്കുന്നത് അവയുടെ സ്വയംഭരണാധികാരം നഷ്ടപ്പെടുത്തുന്നതിനും വർഗ്ഗീയ അജണ്ട നടപ്പാക്കുന്നതിനും സൗകര്യപ്രദമാകുമെന്നുള്ള ആശങ്കയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. എന്നാൽ സർവ്വകലാശാലകളുടെ അക്കാദമിക സ്വയംഭരണം നിലനിർത്തണമെന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയം. ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാരിന്റെ നിലപാടുകൾ ആശങ്കയുളവാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | രാജ്യത്തെമ്പാടുമുള്ള സർവകലാശാലകളിൽ മിന്നലാക്രമണ വാർഷികം ആഘോഷിക്കണമെന്നും അധ്യാപകർ രാഷ്ട്രീയാഭിപ്രായപ്രകടനം നടത്തരുതെന്നും നിർദ്ദേശം നൽകിയ പശ്ചാത്തലത്തിൽ, സർവകലാശാലകളുടെ സ്വയംഭരണാധികാരം സ്ഥാപിച്ചെടുക്കാൻ സാധ്യമായ മാർഗ്ഗമെന്തെന്ന് പരിശോധിക്കുമോ; | (സി) | സർവ്വകലാശാലകളുടെ സ്വയം ഭരണാധികാരം സ്ഥാപിച്ചെടുക്കാൻ സാദ്ധ്യമായ മാർഗ്ഗങ്ങളെന്തെന്ന് പരിശോധിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്തെ വിവിധ സർവകലാശാലകളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റാൻ ഉള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ? | (ഡി) | കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാലക്ക് 132 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളുടെ വിശദ പദ്ധതി രേഖ സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**